# പതിനാലാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 2106 | 05.12.2018 ൽ മറുപടിക്ക്

## ഔദ്യോഗിക വാഹനം കത്തിച്ചതുമായി ബന്ധപ്പെട്ട അന്വേഷണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ഡി.കെ.മുരളി | | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) തിരുവനന്തപുരം ജില്ലാപഞ്ചായത്ത് പ്രസിഡണ്ടിന്റെ ഔദ്യോഗിക വാഹനം കത്തിച്ചതുമായി ബന്ധപ്പെട്ട് വെഞ്ഞാറമൂട് പോലീസ് സ്റ്റേഷൻ ക്രൈം 832/2012 നമ്പരായി രജിസ്റ്റർ ചെയ്ത കേസിന്റെ നിലവിലെ സ്ഥിതി എന്താണ്; | (എ) | തിരുവനന്തപുരം ജില്ലാപഞ്ചായത്ത് മുൻ പ്രസിഡണ്ടിന്റെ ഔദ്യോഗിക വാഹനം കത്തിച്ചതുമായി ബന്ധപ്പെട്ട് വെഞ്ഞാറമൂട് പോലീസ് സ്റ്റേഷൻ ക്രൈം നം.832/12 ആയി രജിസ്റ്റർ ചെയ്ത കേസ്, തിരുവനന്തപുരം CBCID, OCW-I 827/CR/OCW-2012 ആയി റീ നമ്പർ ചെയ്ത് അന്വേഷണം നടത്തിയിട്ടുണ്ട്. അന്വേഷണത്തിന്റെ ഭാഗമായി സംഭവ സ്ഥലത്തു നിന്നും ശേഖരിച്ച വസ്തുക്കൾ ശാസ്ത്രീയ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ട്. കൃത്യത്തിൽ ഉൾപ്പെട്ടെന്ന് സംശയിക്കുന്നവരെ തിരുവനന്തപുരം ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ പോളിഗ്രാഫ് ടെസ്റ്റിന് വിധേയരാക്കിയിട്ടുണ്ട്. |
| (ബി) പ്രസ്തുത കേസ് ഇപ്പോൾ അന്വേഷിക്കുന്നത് ആരാണ്; | (ബി) യും (സി) യും | നിലവിൽ സി.ബി.സി.ഐ.ഡി ഡിറ്റക്ടീവ് ഇൻസ്പെക്ടർ ശ്രീ.എം.വിജു കുമാർ അന്വേഷണം നടത്തുന്നു. നിശ്ചിത സമയത്തിനുള്ളിൽ അന്വേഷണം പൂർത്തിയാകും എന്ന് പറയുവാൻ കഴിയുകയില്ല. |
| (സി) അന്വേഷണം എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ